**Bishop Stephen Chirappanath**

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

**DOMUS MAR THOMA**
Via degli Estensi, 137
00164 ROMA – ITALIA

Prot. No. 16/2021

## സീറോമലബാർ കുർബാനയുടെ നവീകരണത്തെയും അർപ്പണത്തെയുംകുറിച്ച് യൂറോപ്പിലെ സീറോമലബാർ സഭാസമൂഹത്തിനായി നൽകുന്ന സർക്കുലർ

മിശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

പരിശുദ്ധ കത്തോലിക്കാ സഭയിലെ 24 വ്യക്തിസഭകളിൽ ദൈവവിളികൾകൊണ്ടും പ്രേഷിത തീക്ഷ്ണതകൊണ്ടും ശ്രദ്ധേയയായ സീറോമലബാർ സഭ, ഈ വരുന്ന ആരാധനാവത്സരാരംഭം മുതൽ (നവംബർ 28) ഒരു പുതിയ പന്തക്കുസ്തായലേക്കു പ്രവേശിക്കുകയാണ്. പരിശുദ്ധ സിംഹാസനത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് 1934-ൽ ആരംഭിച്ച ആരാധനാക്രമ നവീകരണം, ആരാധനാക്രമത്തിന്റെ കേന്ദ്രമായ പരി. കുർബാനയുടെ നവീകരണത്തോടെ ഒരു പുതിയ ദിശയിലേക്കു നീങ്ങുകയാണ്. പുതിയ റാസ കുർബാനയുടെ തക്സായ്ക്ക് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ 2021 ജൂൺ മാസം 9-ാം തിയതി അംഗീകാരം നൽകി. ഈ നവീകരിച്ച കുർബാനക്രമമനുസരിച്ചായിരിക്കണം വരുന്ന നവംബർ 28-ാം തിയതിമുതൽ നമ്മുടെ എല്ലാ പ്രവാസി കേന്ദ്രങ്ങളിലും സമർപ്പിത ഭവനങ്ങളിലും സീറോമലബാർ കുർബാന അർപ്പിക്കേണ്ടത്.

2021 ആഗസ്റ്റ് മാസത്തിലെ സിനഡിനുശേഷം പുറത്തിറക്കിയ വി. കുർബാനയുടെ നവീകരണത്തെക്കുറിച്ചുള്ള ഇടയലേഖനത്തിൽ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് നിർദ്ദേശിച്ചിരിക്കുന്നതുപോലെ സീറോമലബാർ സഭ മുഴുവൻ ഏകീകൃതമായ രീതിയിൽ ബലിയർപ്പിക്കാൻ തീരുമാനിച്ചിരിക്കുന്ന വിവരം ഇതിനോടകം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. നവീകരിച്ച കുർബാനക്രമത്തിന്റെ അടിസ്ഥാനത്തിൽ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ജനാഭിമുഖമായി ബേമ (വചനവേദി) യിൽ വച്ചും അനാഫൊറാ ഭാഗം അൾത്താര അഭിമുഖമായും സമാപനശുശ്രൂഷ ജനാഭിമുഖമായുംവേണം നിർവ്വഹിക്കുവാൻ. ആരാധനക്രമാനുഷ്ഠാനത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണ് നവീകരിച്ച കുർബാനക്രമത്തിൽ സ്വീകരിച്ചിരിക്കുന്നത്.

നവീകരിക്കപ്പെട്ട കുർബാനക്രമത്തിലെ ചില പ്രാർത്ഥനകളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കുർബാനയുടെ ആരംഭത്തിലുള്ള "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്ന പ്രാർത്ഥന "പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ" എന്ന കാനോനായോടുകൂടെയാണ് ആരംഭിക്കുന്നത്. "സർവ്വാധിപനാം കർത്താവേ നിന്നെ വണങ്ങി നമിക്കുന്നു"



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028

**Bishop Stephen Chirappanath**

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

DOMUS MAR THOMA
Via degli Estensi, 137
00164 ROMA – ITALIA

എന്നത് മാറ്റി "സർവ്വാധിപനാം കർത്താവേ നിൻ സ്തുതി ഞങ്ങൾ പാടുന്നു" എന്ന് പദ്യരൂപത്തിൽ തിരുത്തിയിട്ടുണ്ട്. "പരിപാവനനാം" എന്ന ഗീതത്തിൽ "നിൻ കൃപ ഞങ്ങൾക്കേകണമേ" എന്നത് "കാരുണ്യം നീ ചൊരിയണമേ" എന്നാക്കി. വിശുദ്ധഗ്രന്ഥ വയനകൾക്കു മുമ്പ് ശുശ്രൂഷി കാർമ്മികന്റെ ആശീർവാദം യാചിക്കുമ്പോൾ "ഗുരോ ആശീർവദിക്കണമേ" എന്നത് "കർത്താവേ ആശീർവദിക്കണമേ" എന്നാക്കിയിട്ടുണ്ട്. കാറോസൂസാകളുടെ പൊതുവായ പ്രത്യുത്തരം "കർത്താവേ ഞങ്ങളുടെമേൽ കൃപയുണ്ടാകണമേ" എന്നതിനുപകരം "കർത്താവേ ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ" എന്നാക്കി. നിലവിൽ ഉപയോഗത്തിലിരിക്കുന്ന മാർ അദ്ദായിയുടേയും മാർ മാറിയുടേയും കൂദാശക്രമത്തിലെ മൂന്നും നാലും പ്രണാമജപങ്ങൾ ചെറുതാക്കി. പ്രോപ്രിയ ഭാഗത്തെ പ്രാർത്ഥനകളിൽ ഭാഷാപരമായ മാറ്റങ്ങളും തിരുത്തലുകളും വരുത്തിയിട്ടുണ്ട്. പ്രോപ്രിയാ പ്രാർത്ഥനകളിൽ ദനഹാ തിരുനാളിനും പന്തക്കുസ്താ തിരുനാളിനുമുള്ള പ്രാർത്ഥനകളും പുതുതായി ചേർത്തിരിക്കുന്നു. കൂടാതെ നമ്മുടെ സഭയിലെ നാലു വിശുദ്ധരുടേയും തിരുനാളുകൾക്കുള്ള പ്രോപ്രിയായും ചേർത്തിട്ടുണ്ട്. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന കൂദാശക്രമത്തിനു പുറമേ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങൾകൂടി തക്സയിൽ ചേർത്തിട്ടുണ്ട്.

## പ്രായോഗിക നിർദ്ദേശങ്ങൾ

1. വി. കുർബാന തക്സായിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഐശ്ചികങ്ങൾ ഉപയോഗിക്കുവാൻ കാർമ്മികന് അവകാശമുണ്ട്. നമ്മുടെ കുർബാനയുടെ മൂന്നു രൂപങ്ങളുടേയും (റാസ കുർബാന, ആഘോഷപൂർവ്വമായ കുർബാന, സാധാരണ കുർബാന) അനന്യതയും വ്യതിരിക്തതയും നിലനിർത്തിവേണം അർപ്പിക്കുവാൻ. നമ്മുടെ എല്ലാ പ്രവാസികേന്ദ്രങ്ങളിലും വർഷത്തിൽ രണ്ടുതവണയെങ്കിലും റാസകുർബാന അർപ്പിക്കുന്നത് ഉചിതമാണ്.

2. സീറോമലബാർ കുർബാന അർപ്പിക്കുന്ന ഇടങ്ങളിൽ അൾത്താരയ്ക്കു പുറമേ ബേമ (വചനപീഠം) ഉണ്ടായിരിക്കേണ്ടതാണ്. അതു ക്രമീകരിക്കാൻ സാധിക്കാത്തിടങ്ങളിൽ Ambo/Lecturn വചനപീഠമായി ഉപയോഗിക്കാവുന്നതാണ്.

3. സ്വന്തമായി ദൈവാലയങ്ങളുള്ള എല്ലാ പ്രവാസി സമൂഹങ്ങളും, സ്വന്തമായി ഭവനങ്ങളുള്ള എല്ലാ സന്യാസസമൂഹങ്ങളും തങ്ങളുടെ ദൈവാലയങ്ങളും കപ്പേളകളും നമ്മുടെ ആരാധനാക്രമത്തിനനുസരിച്ച് നവീകരിക്കേണ്ടതാണ്.



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028

**Bishop Stephen Chirappanath**

*Apostolic Visitator*
*for*
*The Syro-Malabar Faithful in Europe*

DOMUS MAR THOMA
Via degli Estensi, 137
00164 ROMA – ITALIA

4. നവീകരിച്ച കുർബാന തക്സയിൽ നിർദ്ദേശിച്ചിരിക്കുന്നതനുസരിച്ച് വിശ്വാസികൾ ബലിയർപ്പണത്തിൽ പങ്കുചേരേണ്ടതാണ്.

a) നിൽക്കുന്നത്: ആമുഖശുശ്രൂഷ, സുവിശേഷവായന, കാറോസൂസ, വിശ്വാസപ്രമാണം, അനാഫൊറാ, സമാപനശുശ്രൂഷ.

b) ഇരിക്കുന്നത്: പഴയനിയമ ലേഖന വായനകൾ, പ്രകീർത്തനം, പ്രസംഗം, കാറോസൂസായ്ക്കുശേഷം വിശ്വാസപ്രമാണമില്ലെങ്കിൽ അനാഫൊറയുടെ ആരംഭംവരെ.

c) മുട്ടുകുത്തുന്നത്: "ദൈവമേ അങ്ങയുടെ കാരുണ്യത്തിനൊത്തവിധം എന്നോടു കരുണ തോന്നണമേ" എന്ന പ്രാർത്ഥനതൊട്ട് അനുരഞ്ജന കാറോസൂസയുടെ സമാപനം വരെ.

5. പരിശുദ്ധ കുർബാനയിലെ സജീവപങ്കാളിത്തം ഉറപ്പാക്കുന്നതിനുവേണ്ടി പുതിയ തക്സാകളും കുർബാന പുസ്തകങ്ങളും ആവശ്യാനുസരണം നാട്ടിൽനിന്ന് കൊണ്ടുവന്ന് എല്ലാ പ്രവാസിസമൂഹങ്ങളിലും സന്യാസഭവനങ്ങളിലും ഉപയോഗിക്കേണ്ടതാണ്.

പരിശുദ്ധ കുർബാനയുടെ നവീകരിച്ചക്രമവും ഏകീകൃത ബലിയർപ്പണവും നമ്മുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കും കാരണമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ തന്റെ കത്തിൽ സൂചിപ്പിച്ചിരുന്നതുപോലെ, സിനഡൽ തീരുമാനം നാം നടപ്പിലാക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സഭയിലെ എല്ലാ അംഗങ്ങളേയും ഐക്യത്തിലും സാഹോദര്യത്തിലും പരിപോഷിപ്പിക്കട്ടെ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും പ്രാവാസികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പിന്റെയും നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെയും സകല വിശുദ്ധരുടെയും മാധ്യസ്ഥത്തിനു നിങ്ങളെ ഭരമേൽപ്പിക്കുന്നു.

സ്നേഹാശംസകളോടെ, നിങ്ങളുടെ വത്സലപിതാവ്,

SYRO-MALABAR AP. VISITATOR EUROPE

+Stephen Chirappanath

+സ്റ്റീഫൻ ചിറപ്പണത്ത്

യൂറോപ്പിലെ സീറോമലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ



E-mail: apvisitsmfeurope@gmail.com • stephenchirapanath@gmail.com
Tel. & fax: 06 4820028